بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 31.01.2025

**സയ്യിദുനാ ഹദ്റത് അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കില്‍ നിര്‍വഹിച്ചത്.*

## തിരുനബി ചരിത്രം: ദീ ഖര്‍ദ്, ഖൈബര്‍ യുദ്ധങ്ങള്‍

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുതുബയില്‍ ദീ ഖര്‍ദ് യുദ്ധനീക്കത്തെ കുറിച്ചാണ് പറഞ്ഞുവന്നിരുന്നത്. തിരുനബി(സ) ഈ യുദ്ധനീക്കത്തിന് പോകുന്നതിനുമുമ്പേ ചില സ്വഹാബാക്കളെ ശത്രുക്കളുടെ ഭാഗത്തേക്ക് അയച്ചിരുന്നു എന്നും, അതിനു പിന്നില്‍ തന്റെ സൈന്യവുമായി പുറപ്പെട്ടുവെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. ഇതിന്റെ കൂടുതല്‍ വിശദീകരണങ്ങളില്‍ എഴുതുന്നു, ശത്രു സൈന്യം തിരുനബി(സ)യും സ്വഹാബാക്കളും വരുന്നത് കണ്ടപ്പോള്‍ ഓടിപ്പോയി. മുസ്‌ലിംകള്‍ ശത്രു പാളയത്തില്‍ എത്തിയപ്പോള്‍ ഹദ്റത്ത് അബൂഖത്താദയുടെ കുതിരയുടെ പിന്‍തുട ഞരമ്പ് മുറിച്ച് ഞൊണ്ടിയാക്കപ്പെട്ടതായി കണ്ടു. ഒരു സ്വഹാബി പറഞ്ഞു: യാ റസൂലുല്ലാഹ്! അബൂഖത്താദയുടെ കുതിരയുടെ പിന്‍തുട ഞരമ്പ് മുറിച്ചിരിക്കുന്നു. നബി(സ) അതിന്റെ അടുക്കല്‍ നിന്നുകൊണ്ട് രണ്ടു പ്രാവശ്യം ഇങ്ങനെ പറഞ്ഞു: നിനക്ക് നന്മ വരട്ടെ, യുദ്ധത്തില്‍ നിനക്ക് എത്രയധികം ശത്രുക്കളാണ്! പിന്നെ നബി(സ)യും സ്വഹാബാക്കളും മുന്നോട്ടു നീങ്ങി ഹദ്റത്ത് അബൂഖത്താദയും മുസ്അദയും തമ്മില്‍ മല്‍പ്പിടുത്തം നടന്ന സ്ഥലത്തെത്തി. (കഴിഞ്ഞ ഖുത്ബയില്‍ ഇതേപ്പറ്റി പറഞ്ഞിരുന്നു.) ഹദ്റത്ത് അബൂഖത്താദയാണ് അവിടെ തുണിയില്‍ പൊതിഞ്ഞ അവസ്ഥയില്‍ കിടക്കുന്നതെന്ന് അവര്‍ കരുതി. ഒരു സ്വഹാബി പറഞ്ഞു: യാ റസൂലല്ലാഹ്! അബൂഖത്താദ ശഹീദായെന്ന് തോന്നുന്നു. തിരുനബി(സ) പറഞ്ഞു: അല്ലാഹുവേ, അബൂഖത്താദയ്ക്ക്മേല്‍ കരുണ ചെയ്താലും! എനിക്ക് അന്തസ്സ് നല്‍കിയവനായ ആ അസ്തിത്വമാണെ സത്യം! അബൂഖത്താദ, ശത്രുക്കളുടെ പിന്നില്‍ സ്തുതി ഗീതം ആലപിച്ച് വന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് അബൂബക്കറും ഉമറും(റ) വേഗം മുന്നോട്ടു വന്ന് തുണി മാറ്റി നോക്കിയപ്പോള്‍ മുസ്അദയുടെ മുഖമാണ് കണ്ടത്. അവര്‍ രണ്ടുപേരും പറഞ്ഞു: അല്ലാഹു അക്ബര്‍! അല്ലാഹുവിന്റെ ദൂതന്‍ പറഞ്ഞത് സത്യമാകുന്നു; ഇത് മുസ്അദയാണ്. അപ്പോള്‍ സ്വഹാബാക്കളും തക്ബീര്‍ ചൊല്ലി. പിന്നെ കുറച്ചു സമയത്തിനകംതന്നെ അബൂഖത്താദ 100 ഒട്ടകങ്ങളെയും തെളിച്ചുകൊണ്ട് തിരുനബി(സ)യുടെ സവിധത്തില്‍ ഹാജരായി.

തിരുനബി(സ) പറഞ്ഞു: അല്ലയോ അബൂഖത്താദ! നിന്റെ മുഖം വിജയശ്രീലാളിതമായിരിക്കുന്നു. അബൂഖത്താദ കുതിരപ്പടയാളികളുടെ നേതാവാകുന്നു. അബൂഖത്താദ! അല്ലാഹു നിനക്ക് മേല്‍ അനുഗ്രഹം ചൊരിയട്ടെ! മറ്റൊരു നിവേദനത്തില്‍ പറയുന്നു: നിന്റെ മകള്‍ക്കും മക്കളുടെ മക്കള്‍ക്കും അനുഗ്രഹം ഉണ്ടാകട്ടെ. നബി(സ) ചോദിച്ചു: അബൂഖത്താദ! നിന്റെ മുഖത്ത് എന്തുപറ്റി? ഹദ്റത്ത് അബൂഖത്താദ പറഞ്ഞു: എന്റെ മാതാപിതാക്കള്‍ അങ്ങേക്ക്മേല്‍ തെണ്ടമായിരിക്കട്ടെ! എനിക്ക് ഒരു അമ്പുകൊണ്ടതാണ്. അങ്ങയെ അനുഗ്രഹവുമായി അയച്ച നാഥനാണ് സത്യം! ഞാന്‍ ആ അമ്പ് എടുത്തു മാറ്റിയെന്നാണ് കരുതിയത്. തിരുനബി(സ) പറഞ്ഞു: അബൂഖത്താദ, എന്റെ അടുത്തേക്ക് വരൂ. ഞാന്‍ അടുത്തേക്ക് നീങ്ങി. തിരുനബി(സ) വളരെ സാവധാനത്തില്‍ അമ്പ് എടുത്തുമാറ്റുകയും തന്റെ ഉമിനീര്‍ അതില്‍ പുരട്ടുകയും കൈകള്‍ അതിനു മേല്‍ വെക്കുകയും ചെയ്തു. അബൂഖത്താദ പറയുന്നു: നബി(സ)യെ പ്രവാചകത്വവുമായി അയച്ച നാഥനാണെ സത്യം! എനിക്ക് യാതൊരു പരിക്കോ മുറിവോ പറ്റാത്തത് പോലെ അനുഭവപ്പെട്ടു. മറ്റൊരു നിവേദനത്തില്‍ പറയുന്നു: തിരുനബി(സ) അബൂഖത്താദയെ കണ്ടപ്പോള്‍ പറഞ്ഞു: അല്ലാഹുവേ അദ്ദേഹത്തിന്റെ രോമങ്ങളിലും ചര്‍മത്തിലും അനുഗ്രഹം ചൊരിയേണമേ. പറഞ്ഞു: നിന്റെ മുഖം വിജയശ്രീലാളിതമായിരിക്കുന്നു. അബൂഖത്താദ പറയുന്നു: യാ റസൂലല്ലാഹ്! അങ്ങയുടെ മുഖം വിജയശ്രീലാളിതമാകുന്നു!

ഏതായാലും എഴുപതാമത്തെ വയസ്സിൽ അബൂഖത്താദ മരണപ്പെടുമ്പോഴും അദ്ദേഹത്തിന്റെ മുഖം 15 വയസ്സുള്ള ഒരു യുവകോമളന്റേതുപോലെയായിരുന്നു എന്ന് പറയപ്പെടുന്നു.

നബി(സ) ദീ ഖർദ് എത്തിയതിനെ സംബന്ധിച്ചുള്ള വിവരണത്തിൽ ഹദ്റത്ത് സൽമ പറയുന്നു: നബി(സ) ഇശായുടെ സമയത്ത് അവിടെ എത്തി താവളമടിച്ചു. അവിടെയാണ് ഞാൻ ശത്രുക്കളെ തടയുകയും ചെയ്തിരുന്നത്. ഞാൻ ശത്രുക്കളിൽനിന്ന് പിടിച്ചെടുത്ത ഒട്ടകങ്ങളും സാധനങ്ങളും എല്ലാം നബി(സ)ന്റെ അധീനതയിൽ ആയിട്ടുണ്ടായിരുന്നു. ഹദ്റത്ത് ബിലാൽ ശത്രുക്കളിൽനിന്ന് പിടിച്ചെടുത്ത ഒട്ടകങ്ങളിൽനിന്ന് ഒന്നിനെ അറുക്കുകയുണ്ടായി. നബി(സ)നുവേണ്ടി അതിന്റെ കരളും പൂഞ്ഞയും വേവിച്ചു കൊടുത്തു. ഹദ്റത്ത് സഅദ് ബിൻ ഉബാദ ഈന്തപ്പഴങ്ങൾ കയറ്റി പത്ത് ഒട്ടകങ്ങളെ കൊടുത്തയച്ചതും അവിടെ വെച്ച് നബി(സ)നു കിട്ടി.

ഹദ്റത്ത് സൽമ പറയുന്നു: ഞാൻ ശത്രുക്കളുടെ വെള്ളം തടഞ്ഞിരുന്നു. അവർ ദാഹിക്കുന്നവരുമായിരുന്നു. അങ്ങ് എന്നെ 100 യോദ്ധാക്കളോടൊപ്പം പറഞ്ഞയച്ചാലും, ഞാൻ അവരെ പിന്തുടർന്ന് അവരുടെ എല്ലാ ചാരന്മാരെയും കൊല്ലുന്നതാണ്. പുഞ്ചിരിച്ച നബി(സ) യുടെ പരിശുദ്ധ ദന്തങ്ങൾ തീയുടെ വെളിച്ചത്തിൽ കാണപ്പെടുന്നുണ്ടായിരുന്നു. നിങ്ങൾക്ക് അങ്ങനെ ചെയ്യാൻ സധിക്കുമോ എന്ന നബി(സ)യുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു: അങ്ങയെ അന്തസ്സോടുകൂടി അയച്ചവനാണെ സത്യം, അതെ തീർച്ചയായും. നബി(സ) പറഞ്ഞു: നിങ്ങൾ അവരെ പിടികൂടിയാൽ അവരോട് സൗമ്യമായി പെരുമാറുക. ഈ അറബി ഭാഷാപ്രയോഗത്തിന്റെ അർത്ഥം ഏറ്റവും നല്ല രീതിയിൽ മാപ്പ് കൊടുക്കുക എന്നത് അവരോട് സൗമ്യമായി പെരുമാറുക എന്നതാണ്.

തിരുനബി(സ) ബുധനാഴ്ച രാവിലെ പുറപ്പെട്ടു. പിന്നെ ശത്രുക്കളിൽനിന്നുള്ള എന്തെങ്കിലും അറിയിപ്പ് കിട്ടുന്നുണ്ടോ എന്നറിയാൻ ഒരു രാത്രിയും ഒരു ദിവസവും ദീ ഖർദിൽ താമസിച്ചു. തുടർന്ന് തിങ്കളാഴ്ച ദിവസം മദീനയിൽ തിരിച്ചെത്തി. ഇങ്ങനെ അഞ്ചു രാത്രികളാണ് നബി(സ) മദീനയ്ക്ക് പുറത്ത് കഴിച്ചുകൂട്ടിയത്.

ഇനി ഞാൻ മറ്റൊരു യുദ്ധനീക്കത്തെ കുറിച്ച് പറയാം. നജ്ദിലേക്ക് അയക്കപ്പെട്ട ഈ സരിയഃ ഹദ്റത്ത് അബാൻ ബിൻ സഈദ് എന്ന പേരിൽ അറിയപ്പെടുന്നു. ഈ സരിയ ഹിജ്റ ഏഴാം വർഷം മുഹറം മാസത്തിൽ ആയിരുന്നുവെന്നും ജമാദിയുസ്സാനിയിൽ ആണെന്നും പറയപ്പെടുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സരിയഃ ഹിജ്റ ഏഴാം വർഷം മുഹററം മാസത്തിലാണെന്ന് എഴുതിയിട്ടുണ്ട്. ഇതാണ് കൂടുതൽ വിശ്വാസയോഗ്യമായത്. അബാന്റെ പിതാവ് ഖുറൈശികളുടെ ഉന്നതരിൽപെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ സഹോദരന്മാരായ അംറും ഖാലിദും നേരത്തെ മുസ്‌ലീങ്ങൾ ആയിരുന്നു. അദ്ദേഹം ഹിജ്റ പതിമൂന്നാം വർഷം ശഹീദായി. ഒരു നിവേദനമനുസരിച്ച് ഹിജ്റ 27 ൽ ഉസ്മാന്റെ ഖിലാഫത്തു കാലത്താണ് മരണപ്പെട്ടത്.

ഈ സരിയയെ കുറിച്ചുള്ള വിവരണത്തിൽ ബുഖാരിയിൽ പറയുന്നു: തിരുനബി(സ), അബാനെ ഒരു സരിയയിൽ നിയോഗിച്ചുകൊണ്ട് മദീനക്ക് പുറത്ത് നജ്ദിലേക്ക് പറഞ്ഞയച്ചു. ഹദ്റത്ത് അബൂഹുറൈറ പറയുന്നു: അബാനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും എത്തുന്നതിനു മുമ്പേ തന്നെ നബി(സ) ഖൈബർ കീഴടക്കിയിരുന്നു.

ഇനി ഖൈബർ യുദ്ധം എന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു സുപ്രസിദ്ധ യുദ്ധത്തെ കുറിച്ച് ചരിത്രത്തിൽ കാണപ്പെടുന്നുണ്ട്. വളരെ വിശാലമായ പച്ചളിപ്പുള്ള ഖൈബർ പ്രദേശം തടാകങ്ങളാലും വെള്ളത്തിന്റെ ആധിക്യത്താലും എപ്പോഴും പച്ച പിടിച്ചു കിടന്നിരുന്നു. അറേബ്യൻ ഉപദ്വീപിൽ ഈന്തപ്പനകളുടെ ഏറ്റവും വലിയ തോട്ടമായും ഇത് അറിയപ്പെടുന്നു. ചരിത്ര നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മൂസാ നബി(അ)യുടെ കാലം തൊട്ടേ ഇവിടെ ബനീഇസ്രായേൽ വസിക്കുന്നുണ്ട്. മറ്റ് ചില നിവേദനങ്ങളിലും വളരെ പുരാതനകാലം മുതൽ തന്നെ ഇവിടെ യഹൂദികൾ വലിയ കോട്ടകൾ ഉണ്ടാക്കി താമസിക്കുന്നുണ്ട് എന്ന് കാണാം. ഖൈബർ എന്നതിന്റെ അർത്ഥം ഹീബ്രു ഭാഷയിൽ കോട്ടകൾ എന്നാണ്. യഹൂദികളുടെ കുറച്ച് ഗോത്രങ്ങൾ മദീനയിലും താമസിക്കുന്നുണ്ടായിരുന്നു. പക്ഷേ ഖൈബറിലെ യഹൂദികളെ വ്യതിരിക്തമാക്കിയിരുന്ന ഒരു കാര്യം, ഇവിടെയുണ്ടായിരുന്ന യഹൂദികൾ മറ്റ് യഹൂദികളെ അപേക്ഷിച്ച് ധൈര്യമുള്ളവരും യുദ്ധത്തിൽ സ്ഥൈര്യം കാണിക്കുന്നവരും ആയിരുന്നു. അവർ തമ്മിലുള്ള പരസ്പര ഐക്യം മറ്റുള്ളവരെക്കാളും അധികമായിരുന്നു. അതുകാരണം അറേബ്യയിൽ ശക്തിയിലും കഴിവിലും ഇവർ സുസംഘടിത സമൂഹമായി അറിയപ്പെടുന്നവരായിരുന്നു. മദീനയിലെയും ഖൈബറിലെയും യഹൂദികളുടെ ഇസ്‌ലാമിനോടും നബി(സ)നോടുമുള്ള അവരുടെ ഗൂഢാലോചനകളും പദ്ധതികളും കലാപത്തിലേക്ക് വരെ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു.

വെറുപ്പിലും ശത്രുതയിലും മുന്നേറിക്കൊണ്ടിരുന്ന ഈ സമൂഹം ഇസ്‌ലാമിനെയും നബിയുടെ പരിശുദ്ധ വ്യക്തിത്വത്തെയും ഇല്ലാതാക്കാൻ തങ്ങളുടെ മുഴുവൻ ശക്തികളെയും ഉപയോഗപ്പെടുത്തുന്നതിൽ ഒരു കുറവും വരുത്തിയിട്ടില്ല. മദീനയിൽനിന്ന് പുറത്താക്കപ്പെട്ടശേഷം മദീനയിലെ കുറെ യഹൂദികൾ ഖൈബറിൽ പോയി താമസമാക്കിയിരുന്നു. ഖൈബർ നേരത്തെ തന്നെ ഒരു വലിയ യുദ്ധശക്തിയായിരുന്നു. ഇപ്പോഴത് മുസ്‌ലിങ്ങൾക്കെതിരെ ഭയാനകമായ ഗൂഢാസൂത്രണങ്ങളുടെ കേന്ദ്രമായി മാറി. നബി(സ) യുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഖൈബറിനെ ആക്രമിക്കുന്നതിന് തീരുമാനമെടുത്തതിന്റെ പ്രധാന പശ്ചാത്തലം ഇതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: അടിസ്ഥാനപരമായി ഹുദൈബിയ സന്ധി ഒരു വലിയ വിജയമായിരുന്നു. വിശുദ്ധ ഖുർആനും അതിനെ ഒരു മഹത്തായ വിജയമായിട്ടാണ് ഉദ്ധരിക്കുന്നത്. പറയുന്നു: **ഇന്നാ ഫത്തഹ്നാ ലക്ക ഫത്തഹൻ മുബീനാ** തീർച്ചയായും നാം നിനക്ക് ഒരു മഹത്തായ വിജയം നൽകിയിരിക്കുന്നു. ഈ വലിയ വിജയത്തിന്റെ കവാടത്തിലൂടെ കടന്നുകൊണ്ടാണ് ഖൈബറും മക്കയും പോലെയുള്ള മഹത്തായ വിജയങ്ങൾ ലഭിച്ചത്. വാസ്തവത്തിൽ അല്ലാഹു വാഗ്ദാനം ചെയ്തിരുന്നത് അതാണ്. ഹുദൈബിയയിൽനിന്ന് തിരിച്ചു വരുമ്പോൾ മക്കക്കും മദീനക്കുമിടയിലാണ് സൂറഃ ഫത്ഹ് ഇറങ്ങിയത്. നബി(സ) ഖൈബറിലേക്ക് പോകുന്നതിനു വേണ്ടി വിളംബരപ്പെടുത്തിയപ്പോൾ പറഞ്ഞു: ഹുദൈബിയ സന്ധിയുടെ അവസരത്തിൽ ഉണ്ടായിരുന്നവർ മാത്രം പുറപ്പെട്ടാൽ മതി. ഒരു നിവേദനത്തിൽ നബി(സ) പറഞ്ഞു: സമരാർജിത സ്വത്ത് ആഗ്രഹിക്കുന്നവരാരും എന്റെ കൂടെ പുറപ്പെടേണ്ടതില്ല. ജിഹാദിനോട് താല്പര്യം ഉള്ളവർ മാത്രം എന്റെ കൂടെ വന്നാൽ മതി.

അല്ലാമ ഇബ്നു ഇസ്ഹാഖും ഇബ്നു സഅദും വിവരിക്കുന്നു: ഖൈബർ യുദ്ധത്തിലെ പതാകയെ സംബന്ധിച്ചുള്ള പരാമർശം ഏറ്റവും ആദ്യം കാണുന്നുണ്ട്. ഇതിനുമുമ്പ് ചെറിയ പതാകകളാണ് ഉണ്ടായിരുന്നത്. നബി(സ)യുടെ പതാകയുടെ നിറം കറുപ്പായിരുന്നു. അത് ഹദ്റത്ത് ആയിശയുടെ പുതപ്പുകൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. ഇതിന്റെ പേര് ഉഖാബ് എന്നായിരുന്നു. നിവേദനത്തിൽ ഹദ്റത്ത് അലിക്കും ഒരു കൊടി കൊടുത്തതായി പറയുന്നുണ്ട്. എന്നാൽ അത് ഖൈബറിൽ വച്ചായിരുന്നു നൽകപ്പെട്ടത്. ഈ യാത്രയിൽ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമ നബി(സ)യോടൊപ്പം ഉണ്ടായിരുന്നു. ഒരു നിവേദനമനുസരിച്ച് 6, 7 സഹാബിയാത്തും മറ്റൊരു നിവേദനമനുസരിച്ച് 20 സഹാബിയാത്തും ഈ ഉദ്യമത്തിൽ നബിയോടൊപ്പം പോയിരുന്നു.

ഖൈബറിലേക്ക് പുറപ്പെട്ടതിന്റെ വാർത്തകൾ മദീനയിലെ യഹൂദികൾക്ക് കിട്ടിയപ്പോൾ ഒരു സംഘത്തെ തയ്യാറാക്കി തൊട്ടടുത്തുള്ള യോദ്ധാക്കളുടെ ഗോത്രങ്ങളിലേക്ക് പറഞ്ഞു വിടുകയും അവരോട് സൈനിക സഹായം തേടുകയും ചെയ്തു. ബനൂ മർറ ഗോത്രം വളരെ ദീർഘ ദൃഷ്ടിയോടുകൂടി അവരെ സഹായിക്കുന്നത് നിരാകരിച്ചു. അതേസമയം ബനൂഅസദ്, ഗത്ഫാൻ തുടങ്ങിയ യുദ്ധഗോത്രങ്ങൾ 1000 ആയുധധാരികളായ സൈനിക സംഘത്തെ എത്രയും പെട്ടെന്ന് അയക്കുകയുണ്ടായി. ഏതായാലും കുറേ കൂടി വിശദീകരണങ്ങൾ ഉണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് മൂന്ന് മർഹൂമീങ്ങളെ അനുസ്മരിച്ചു. 1. മണ്ടി ബഹാവുദ്ദീൻ സ്വദേശിയായ മുഹമ്മദ് ബക്ശ് സാഹിബിന്റെ മകൻ മുഹമ്മദ് അശ്റഫ് സാഹിബ്. 2. കെനിയയിലെ സെകന്റ് നാഇബ് അമീർ ആയിരുന്ന മുഹമ്മദ് ഹബീബ് ശാത്രി സാഹിബിന്റെ മകൻ ഹബീബ് മുഹമ്മദ് ശാത്രി സാഹിബ്. 3. സിംബാബ്‌വെയിലെ (ജമാഅത്ത് സദ്ർ ആയിരുന്ന) അനൂബി മതങ്കോ സാഹിബ്. ഇവരുടെ സേവനങ്ങളെ പരാമർശിച്ചുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തി. ഇവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 31.01.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516